പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1039. 01.03.2017 -ലെ മറുപടിക്ക്.

## ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ജി.എസ്. ജയലാൽ :** | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി സംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുതായി ചുമതലയേറ്റ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് ഭരണസമിതിയുമായി ആലോചിച്ച് മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) കൺസ്ട്രക്ഷൻ അക്കാദമിക്കായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വാങ്ങിയ 10 ഏക്കർ ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമിയോ ഒരു തൊഴിൽ പരിശീലന കേന്ദ്രമോ ആരംഭിക്കുന്നതിന് തയ്യാറാകുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) നിലവിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ആഭിമുഖ്യത്തിൽ Indian Institute of Infrastructure and Construction എന്ന സ്ഥാപനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ചവറയിൽ പൂർത്തിയായിവരുന്നു. അന്താരാഷ്ട്ര നിലവാരത്തിലും ദേശീയ നിലവാരത്തിലും നിർമ്മാണ മേഖലയിലെ ഏറ്റവും താഴെ തട്ടിലുള്ള നിർമ്മാണ ജോലികൾ മുതൽ മാനേജ്മെന്റ് തലം വരെയുള്ള ജോലികളിൽ വൈദഗ്ധ്യം നേടുന്നതിനുള്ള പരിശീലനമാണ് ഇവിടെ നൽകാൻ ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ ബിൽഡിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിന്മേൽ പുതുതായി രൂപീകരിച്ച നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ